LIBRARY ARCHIVES Kerala Legislative Assembly

പൊന്നാനി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ അനസ്തേറ്റിക് ഡോക്ടറുടെ തസ്തിക

47 (739) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇമ്പിച്ചിബാവ മെമ്മോറിയൽ പൊന്നാനി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനസ്തേറ്റിക് ഡോക്ടറുടെ തസ്തിക സ്ഥിരമായി ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദിവസവും നിരവധി സിസേറിയൻ അടക്കമുള്ള ശസ്ത്രക്രിയകൾ നടക്കുന്ന ആശുപത്രിയിൽ പുറത്തുനിന്നും ഡോക്ടറെ വിളിച്ചാണ് അനസ്തേഷ്യ നൽകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇങ്ങനെ പുറത്തുനിന്ന് വരുന്ന താൽക്കാലിക ഡോക്ടർക്ക് നൽകുന്ന വേതനം കഴിഞ്ഞ ആറ് മാസത്തോളമായി മുടങ്ങികിടക്കുന്നതുമൂലം ഡോക്ടർ വരാൻ തയ്യാറാവാത്ത വിവരം അറിയാമോ ;

(ഡി) എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും നൽകിയിരുന്ന വേതനം കുടിശ്ശിക അടക്കം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇമ്പിച്ചിബാവ മെമ്മോറിയൽ പൊന്നാനി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റിന്റെ (അനസ്തേഷ്യ) ഒരു ഒഴിവുണ്ട്. പ്രസ്തുത ഒഴിവ് നികത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വേതനം കുടിശ്ശിക അടക്കം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2014 ജൂൺമാസംവരെയുള്ള കുടിശ്ശിക എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്. അതിനുശേഷമുള്ള കാലയളവിലേയ്ക്കുള്ള വേതനം കുടിശ്ശിക തീർക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.